**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** 
**നിയമസഭ ചോദ്യം നം: 4708**

**05/02/2014 ൽ**
**മറുപടിക്ക്**

# സുകുമാർ അഴീക്കോടിന്റെ വീടും ഗ്രന്ഥാലയവും സ്മാരകമായി സൂക്ഷിക്കാനുള്ള നടപടികൾ

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | | | ശ്രീ. കെ.സി. ജോസഫ് (ഗ്രാമ വികസനവും, ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |
| (എ) | സുകുമാർ അഴീക്കോടിന്റെ വീട് സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചു കൊണ്ട് ഏറ്റെടുത്ത വീടും ഗ്രന്ഥാലയവും ഉൾപ്പെടെയുള്ളവ കേടുകൂടാതെ സൂക്ഷിക്കുവാനും പഠന കേന്ദ്രമാക്കി മാറ്റുവാനും സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ഡോ. സുകുമാർ അഴീക്കോട് താമസിച്ചിരുന്ന വസതി ഉൾപ്പെടുന്ന 8.90 ആർ ഭൂമി പിൻതുടർച്ചാവകാശികൾക്ക് 51.25 ലക്ഷം രൂപ പ്രതിഫലം നൽകി സ്മാരകമാക്കി മാറ്റി. അദ്ദേഹത്തിന്റെ ഗ്രന്ഥാലയം സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആക്സഷൻ നമ്പർ, ഗ്രന്ഥകാരൻ, ഗ്രന്ഥനാമം, പ്രസാധകൻ, വ്യാഖ്യാതാവ്, വിവർത്തകൻ, പതിപ്പ്, വർഷം, പേജ്, വില എന്നീ വിവരങ്ങൾ ഉൾപ്പെടുത്തി പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കുന്ന ജോലി ഏതാണ്ട് പൂർത്തീകരിച്ചു. പുസ്തകങ്ങൾ ക്ലാസിഫൈ ചെയ്ത്, കാറ്റലോഗ് തയ്യാറാക്കി അഴീക്കോട് സ്മാരക ലൈബ്രറിയിലുള്ള പുസ്തകങ്ങളെ സംബന്ധിച്ച വിവരങ്ങൾ വെബ്സൈറ്റിലൂടെ അവതരിപ്പിക്കുന്നതിനുള്ള ശ്രമം നടന്നുവരുന്നു. യശഃശരീരനായ അഴീക്കോടിന്റെ എഴുത്തുകുത്തുകളും വ്യക്തിപരമായ വസ്തുവകകളും അദ്ദേഹത്തിന് ലഭിച്ച പുരസ്കാരങ്ങളും പാരിതോഷികങ്ങളും സംരക്ഷിച്ച് വരുന്നു. |
| (സി) | പ്രസ്തുത സ്മാരകം സംരക്ഷിക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് തുക അനുവദിച്ചിട്ടുണ്ടോ ; | (സി) & (ഡി) | 2013-14 സാമ്പത്തിക വർഷത്തിൽ 5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (ഡി) | ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ ; | | |
| (ഇ) | സുകുമാർ അഴീക്കോടിന്റെ വീടിനോടനുബന്ധിച്ചുള്ള സംരക്ഷിത സ്മാരകത്തിൽപ്പെട്ടവയോട് പൂർണ്ണമായും സർക്കാർ കാണിക്കുന്ന അവഗണന അവസാനിപ്പിച്ചു കൊണ്ട് പ്രഖ്യാപിച്ച കാര്യങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഇ) | സുകുമാർ അഴീക്കോട് സ്മാരകം ഏറ്റെടുത്തപ്പോൾ പ്രഖ്യാപിച്ച കാര്യങ്ങൾ നടപ്പിലാക്കി കൊണ്ടിരിക്കുന്നു. അതിനോട് യാതൊരു അവഗണനയും പ്രകടിപ്പിച്ചിട്ടില്ല. അഴീക്കോടിന്റെ സജീവസ്മരണ നിലനിർത്തുന്നതിനുള്ള കേന്ദ്രമായി സ്മാരകം പ്രവർത്തിപ്പിക്കാനാണ് സംസ്ഥാന ഗവൺമെന്റ് ഫണ്ട് കണ്ടെത്തി അവകാശികൾക്ക് വില കൊടുത്ത് സ്ഥലം വാങ്ങിയത്. അവഗണന കാണിച്ചില്ലെന്ന് മാത്രമല്ല വലിയ പരിഗണനയാണ് ഗവൺമെന്റ് കാണിച്ചത്. |

സെക്ഷൻ ഓഫീസർ